ഭരണഭാഷ - മാതൃഭാഷ

നം. C6/2472/2016/Coll.Edn.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33.
ഫോൺ : 0471-2303107
തീയതി : 18.2.2016.

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പാർട്ട്ടൈം ജീവനക്കാരുടെ ജീവനക്കാര്യം - സംബന്ധിച്ച്.

-------

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ കോളേജുകളിലും ഹോസ്റ്റലുകളിലും ഡെപ്യൂട്ടി ഡയറക്ടറേറ്റിലും നിലവിലുള്ള പാർട്ട് ടൈം തസ്തികകളിലെ ജീവനക്കാരെ നിയമിയ്ക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കായതിനാൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ നിയമന സാധൂകരണത്തിനായി അപേക്ഷകൾ ഈ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല. പാർട്ട് ടൈം തസ്തികകളിലെ ജീവനക്കാരെ നിയമിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിയ്ക്കേണ്ടതാണ്. പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാർ ഒരു വർഷം പൂർത്തീകരിയ്ക്കുമ്പോൾ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകേണ്ടതാണ്. പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവായശേഷം മാത്രമേ ഇൻക്രിമെന്റ് അനുവദിയ്ക്കാവൂ. പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവാകുന്നതിനുള്ള അധികാരം നിയമനാധികാരിയായ, ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കാണ്. കൂടാതെ പാർട്ട് ടൈം ജീവനക്കാർ 8, 16, 22 വർഷം പൂർത്തിയാക്കുമ്പോൾ 26/02/2011 ലെ G.O.(P) 85/2011/Fin പ്രകാരം അനുവദനീയമായ അധിക ഇൻക്രിമെന്റ് അനുവദിച്ച് നൽകുന്നതിനുള്ള അധികാരവും പ്രസ്തുത സ്ഥാപനമേധാവികൾക്കാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:
എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാർക്കും
ഹോസ്റ്റൽ വാർഡൻമാർക്ക്
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

/അംഗീകാരത്തോടെ/

സൂപ്രണ്ട്

*TP – 3.3.2016.*